©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X
# (SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (FOREST ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്
(2024 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2024)

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239 -ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

2024 ജൂലൈ 11-ാം തീയതി സമർപ്പിച്ചത്
(Presented on 11th July 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ

FIFTEENTH KERALA LEGISLATIVE ASSEMBLY

സബ്ജക്ട് കമ്മിറ്റി X

(SUBJECT COMMITTEE X)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(FOREST ENVIRONMENT AND TOURISM)

പീരിയോഡിക്കൽ റിപ്പോർട്ട്

(2024 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2024)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239 -ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1023/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 4 |

# സബ്ജക്ട് കമ്മിറ്റി X
## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. എ. കെ. ശശീന്ദ്രൻ,
വനം വന്യജീവി വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. പി. എ. മുഹമ്മദ് റിയാസ്
പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. മുകേഷ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. രാജ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. എസ്. സുപാൽ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി സുനിത സി., അണ്ടർ സെക്രട്ടറി.

## അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

2021 ജൂൺ 7-ാം തീയതിയിലെ 23-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം 2021-2023 കാലയളവിലേക്കായും 2023 ഡിസംബർ 7-ാം തീയതിയിലെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം 2023-2026 കാലയളവിലേക്കായും രൂപീകൃതമായ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ൽ 10 അംഗങ്ങളാണുള്ളത്.

പതിനഞ്ചാം കേരള നിയമസഭയുടെ 2023-2026 കാലയളവിലുള്ള സബ്ജക്ട് കമ്മിറ്റി X, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 10-8-2023, 10-10-2023, 28-2-2024, 4-3-2024, 5-3-2024 എന്നീ തീയതികളിലായി സമിതി 5 യോഗങ്ങൾ ചേരുകയുണ്ടായി. മേൽപ്പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 48% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും, ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ യോഗനടപടി ക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2024 ജൂലൈ 9-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

എ. കെ. ശശീന്ദ്രൻ,

തിരുവനന്തപുരം,
2024 ജൂലൈ 11.

*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി X.*

# റിപ്പോർട്ട്

## അദ്ധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. സമിതിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2023 ആഗസ്റ്റ് 10-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2023 സെപ്റ്റംബർ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 2023 ആഗസ്റ്റ് 10-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2023 സെപ്റ്റംബർ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ബില്ലുകൾ ലഭ്യമായിട്ടില്ല.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

സമിതിയുടെ 10-10-2023-ലെ യോഗം കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് ആൻഡ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) ഭേദഗതി ചട്ടം 2023 അംഗീകരിച്ചു.

(ഫയൽ നം. 15071/സബ്.സി.എഫ്.1/2023/നി.സെ.)

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം സമിതി, കുളത്തൂപ്പുഴയിലെ ഫോറസ്റ്റ് മ്യൂസിയം ഹാളിൽ വച്ച് 10-10-2023-ന് യോഗം ചേരുകയും "വനമേഖലയിലെ ഇക്കോട്ടൂറിസം" എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു.

(ഫയൽ നം. 14316/സബ്.സി.എഫ്.1/2023/നി.സെ.)

2. ചട്ടം 235 (എ) പ്രകാരം ഇക്കോ-ടൂറിസം സെന്ററുകളുടെ പ്രവർത്തനം എന്ന വിഷയം സംബന്ധിച്ച് വനം-വന്യജിവി വകുപ്പ് ഉദ്യോഗസ്ഥരുമായി 10-10-2023-ലെ യോഗത്തിൽ സമിതി ചർച്ച നടത്തുകയും മേൽ വിഷയം സംബന്ധിച്ച് 13-9-2022-ലെ യോഗത്തിൽ സമിതി നൽകിയ ശിപാർശയിന്മേൽ വനം-വന്യജീവി വകുപ്പ് ലഭ്യമാക്കിയ റിപ്പേർട്ട് അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 13730/സബ്.സി.എഫ്1/22/നി.സെ.)

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | ബന്ധപ്പെട്ട വകുപ്പ് | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|---|
| 2022-23 | XXXIV—വനം | വനം വന്യജീവി വകുപ്പ് | 9-8-2023 |
| 2022-2023 [കാലതാമസ പത്രിക സഹിതം] | XLII—വിനോദസഞ്ചാരം | വിനോദസഞ്ചാര വകുപ്പ് | 30-1-2024 |

## അദ്ധ്യായം VI

## (എ) ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ സ്റ്റേറ്റ്മെന്റ്കളുടെ സംഗ്രഹം

2023-24 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ എല്ലാ ശിപാർശകളിന്മേലും വനം വന്യജീവി, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാവുകയും പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ ആക്ഷൺ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### ബി. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും, അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ അതത് വർഷങ്ങളിലെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

ഈ കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടില്ല.

എ. കെ. ശശീന്ദ്രൻ

*ചെയർപേഴ്സൺ,*

*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,

2024 ജൂലൈ 11.

## അനുബന്ധം

### സമിതിയുടെ 10-8-2023-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-X 2023 ആഗസ്റ്റ് 10-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.45 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.
4. ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.
5. ശ്രീ. എ. രാജ, എം.എൽ.എ.
6. ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബിജു കെ., സെക്രട്ടറി, ടൂറിസം വകുപ്പ്.
2. ശ്രീ. ഡി. ജയപ്രസാദ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി.&ഡി.)
3. ശ്രീ. ഗംഗ സിംഗ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്)
4. ശ്രീ. സന്തോഷ് കുമാർ, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
5. ഡോ. സി. ജോർജ് തോമസ്, ചെയർമാൻ, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്
6. ഡോ. ഷീല എ. എം., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

7. ശ്രീ. ടി. ടി. സുരേഷ്, ജോയിന്റ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്

8. ശ്രീമതി എൽ. സുനിത, അണ്ടർ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

സമിതി 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുത്തു.

I. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 12923/സബ്.സി.എഫ്.1/2022/നി.സെ.)

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളാണ് പരിഗണിക്കുന്നതെന്നും വനം വകുപ്പുമായി ബന്ധപ്പെട്ട 18 ശിപാർശകളാണുള്ളതെന്നും അതിൽ 13 ശിപാർശകളിന്മേൽ അധിക തുക അനുവദിച്ചിട്ടില്ലെന്നും ഒരു ശിപാർശയിന്മേൽ അധിക തുക ആവശ്യപ്പെട്ടിട്ടില്ലെന്നും നാല് ശിപാർശകളിന്മേൽ അഡീഷണൽ ആതറൈസേഷൻ വഴി അധിക തുക അനുവദിച്ചിട്ടുണ്ടെന്നും ഡെപ്യൂട്ടി സെക്രട്ടറി സമിതിയെ അറിയിച്ചു.

സർക്കാർ ഏജൻസി വഴി വനങ്ങളിൽനിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന്, വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം എന്നീ ശീർഷകങ്ങൾക്ക് നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും എന്നാൽ പ്ലാൻ ഇനത്തിൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ലെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി. & ഡി.) അറിയിച്ചു.

18 ശിപാർശകളിൽ 4 എണ്ണത്തിന് മാത്രമാണ് അധിക തുക അനുവദിച്ചിട്ടുള്ളതെന്നും ഇക്കോടൂറിസത്തിന്റെ പ്രവർത്തന വിപുലീകരണത്തിനും ഏകോപനത്തിനുമാ യി ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് അധിക തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശിപാർശ നൽകിയിരുന്നുവെങ്കിലും അനുവദിച്ചു നൽകിയില്ലെന്നും വനം വകുപ്പിന് പ്ലാൻ ഇനത്തിൽ ആകെ അനുവദിച്ച 7 കോടി രൂപ മുഴുവനായി റിലീസ് ചെയ്തു

ലഭിക്കാത്തതിനാൽ ഇക്കോ ടൂറിസം മേഖലയിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും നടത്താൻ സാധിച്ചിട്ടില്ലെന്നും ചെയർമാൻ വ്യക്തമാക്കി.

അധിക തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് കുറിപ്പ് നൽകുവാൻ സാധിക്കുമോയെന്ന് ചെയർമാൻ ആരാഞ്ഞതിന് സാധിക്കുമെന്നും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം ചർച്ച ചെയ്ത് ഇക്കോ ടൂറിസത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കണമെന്നുള്ള ശിപാർശ നൽകിയിരുന്നെന്നും ഡെപ്യൂട്ടി സെക്രട്ടറി സമിതിയെ അറിയിച്ചു.

കൊട്ടകുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽനിന്നും പ്രതിദിനം 50,000 രൂപ വരുമാനം ലഭിക്കുന്നുണ്ടെങ്കിലും അവിടെ അടിസ്ഥാനസൗകര്യങ്ങളൊന്നും ഒരുക്കിയിട്ടില്ലെന്നും പ്രാദേശികമായും മറ്റ് സ്പോൺസർഷിപ്പിലൂടെയും ലഭിച്ച തുക വിനിയോഗിച്ച് ഇപ്പോൾ കുറച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിമിതമായ തോതിലെങ്കിലും വികസനം നടന്നാൽത്തന്നെ പ്രതിദിനം ഒന്നുരണ്ടു ലക്ഷം രൂപയെങ്കിലും അവിടെനിന്നും വരുമാനമുണ്ടാക്കാൻ സാധിക്കുമെന്നും ഇതുപോലുള്ള ഡെസ്റ്റിനേഷനുകൾ കണ്ടെത്തി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി അവ മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നും സ്ഥലം എം.എൽ.എ. ആയ സമിതിയംഗം അഭ്യർത്ഥിച്ചു.

നിലവിൽ സംസ്ഥാനത്ത് 60 ഇക്കോ ടൂറിസം കേന്ദ്രങ്ങളാണുള്ളതെന്നും അവ പ്രത്യേക ഡയറക്ടറേറ്റിന് കീഴിലാക്കി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ടെന്നും അടുത്ത പത്തുവർഷത്തിനുള്ളിൽ ഏതൊക്കെ സ്കീമുകൾ നടപ്പിലാക്കാൻ സാധിക്കുമെന്നും ഓരോ ഡെസ്റ്റിനേഷനുകളിലും എന്തൊക്കെ വികസനപ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കുമെന്നതും സംബന്ധിച്ച സമഗ്രമായ പ്ലാനും പ്രൊപ്പോസലും തയ്യാറാക്കുന്നുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി. & ഡി.) സമിതി മുൻപാകെ അറിയിച്ചു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(A) അനുസരിച്ച് നിലവിൽ ടേക്ക് അപ് ചെയ്തുകൊണ്ടിരിക്കുന്ന വിഷയമാണിതെന്നും ഇതുപോലുള്ള വിഷയങ്ങൾ ചർച്ച ചെയ്യാനായി വിശദമായ ഒരു യോഗം ചേരുന്നതാണ് ഉചിതമെന്നും അങ്ങനെയാണെങ്കിൽ സമിതി അംഗങ്ങൾക്ക് അവരുടെ നിർദ്ദേശങ്ങൾ മുമ്പോട്ടുവയ്ക്കാവുന്നതാണെന്നും ഡെപ്യൂട്ടി സെക്രട്ടറി അറിയിച്ചു.

വനം മേഖലയുമായി ബന്ധപ്പെട്ട് ഇക്കോ ടൂറിസം പദ്ധതികൾക്ക് പ്രത്യേക പരിഗണന ആവശ്യപ്പെട്ടിരുന്നുവെങ്കിലും വേണ്ടത്ര പരിഗണന ലഭിക്കാത്ത സാഹചര്യത്തിൽ ഇതുസംബന്ധിച്ച ചർച്ച ചെയ്യുന്നതിനായി സൗകര്യപ്രദമായ ഇക്കോ

ടൂറിസം കേന്ദ്രത്തിൽവച്ച് ഒരു പ്രത്യേക യോഗം ചേരാമെന്നും തദവസരത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇതുസംബന്ധിച്ച് സമഗ്രമായ പ്ലാനും പ്രൊപ്പോസലും തയ്യാറാക്കി കൊണ്ടുവരണമെന്നും ചെയർമാൻ നിർദ്ദേശം നൽകി.

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വനം-വന്യജീവി, പരിസ്ഥിതി, വിനോദ സഞ്ചാര വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 6596/സബ്.സി.എഫ്.1/23/നി.സെ.)

II. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

III. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 12923/സബ്.സി.എഫ്.1/22/നി.സെ.)

പ്രസ്തുത റിപ്പോർട്ടുകൾ 2023 സെപ്റ്റംബർ 11-ാം തീയതി സഭയിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.15-ന് പിരിഞ്ഞു.

## സമിതിയുടെ 10-10-2023-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ക്ക് കമ്മിറ്റി-X, 2023 ഒക്ടോബർ 10-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് കുളത്തുപ്പുഴ ഫോറസ്റ്റ് മ്യൂസിയം ഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാനും ബഹു. വനം-വന്യജീവി വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ശശീന്ദ്രൻ വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. സി. കെ. ഹരീന്ദ്രൻ
2. ശ്രീ. കെ. യു. ജനീഷ് കുമാർ
3. ശ്രീ. പി. എസ്. സുപാൽ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജെ. ആർ. അനി, വൈൽഡ് ലൈഫ് വാർഡൻ, ചെന്തുരുണി
2. ശ്രീ. സുരേഷ് ബാബു ഐ. എസ്., വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
3. ശ്രീ. എൽ. ചന്ദ്രശേഖർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.ബി.എ.), തിരുവനന്തപുരം
4. ശ്രീമതി ഹെലീന തോമസ് വി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. ഷാജൻ എ., അഡീഷണൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്
6. ശ്രീ. ജെ. ജസ്റ്റിൻ മോഹൻ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (FTW), വനം വന്യജീവി വകുപ്പ്
7. ശ്രീ. ആർ. കമലഹാർ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എസ്.സി.) കൊല്ലം
8. ശ്രീ. വിനോദ് കുമാർ ഡി. കെ., കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എച്ച്.ആർ.ഡി.), വനം വന്യജീവി വകുപ്പ്
9. ശ്രീ. എം. വെങ്കിടേശ്വരൻ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എച്ച്.ആർ.ഡി.), വനം വന്യജീവി വകുപ്പ്
10. ശ്രീ. സൂരജ് ബെൻ കെ. ആർ., അസിസ്റ്റന്റ് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, കുളത്തുപ്പുഴ
11. ശ്രീ. എം. ആദർശ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എസ്.എ. & എൻ.ഒ.) വനം വന്യജീവി വകുപ്പ്
12. ശ്രീ. കെ. ഐ. പ്രദീപ് കുമാർ, ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം
13. ശ്രീ. എ. ഷാനവാസ്, ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ, പുനലൂർ
14. ശ്രീ. ജയകുമാർ ശർമ, ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ, റാന്നി

15. ശ്രീ. അനിൽ ആന്റണി, ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ, തെന്മല

16. ശ്രീ. അനീഷ് എസ്. ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ, അച്ചൻകോവിൽ

17. ശ്രീ. കെ. കെ. സുനിൽകുമാർ, സ്പെഷ്യൽ ഓഫീസർ, ഇക്കോ ടൂറിസം

18. ശ്രീ. വി. ജി. അനിൽ കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ ഉദ്യോഗസ്ഥൻ:</u>

ശ്രീ. ഡി. ജയപ്രസാദ്, ചീഫ് വൈൽഡ് ലൈഫ് വാർഡൻ

യോഗത്തിന് സന്നിഹിതരായ എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് ചെയർമാൻ യോഗനടപടികൾ ആരംഭിച്ചു.

സംസ്ഥാനത്തെ ഇക്കോട്ടൂറിസം സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം സബ്ജക്ട് കമ്മിറ്റി പരിഗണിച്ചുവരുന്ന വിഷയത്തിന്മേൽ വനം-വന്യജീവി (ഇ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്, കേരള ഫോറസ്റ്റ് (റഗുലേഷൻ ഓഫ് സോമിൽസ് ആൻഡ് അദർ വുഡ്ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) ഭേദഗതി റൂൾസ് 2023-ന്റെ കരട് എന്നിവയാണ് ഇന്നത്തെ യോഗത്തിന്റെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഡെപ്യൂട്ടി സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു.

ഇക്കോട്ടൂറിസം സെന്ററുകളിലെ പ്രവർത്തനം സംബന്ധിച്ച സമിതി ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കേരള ഫോറസ്റ്റ് (റഗുലേഷൻ ഓഫ് സോമിൽസ് ആൻഡ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) ഭേദഗതി റൂൾസ്, 2023-ന്റെ കരട് എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>ഇക്കോട്ടൂറിസം സെന്ററുകളിലെ പ്രവർത്തനം സംബന്ധിച്ച ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്</u>

(ഫയൽ നം. 13730/സബ്.സി.എഫ്.1/22/നി.സെ.)

ഇക്കോട്ടൂറിസം സെന്ററുകളിലെ പ്രവർത്തനത്തെ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥരോട് ചെയർമാൻ ആരാഞ്ഞതിന് 13-9-2022-ലെ സമിതി യോഗം ഇക്കോട്ടൂറിസം വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി വനം വകുപ്പ് ആസ്ഥാനത്ത് ഒരു പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്തിരുന്നെന്നും അതിന്റെ അടിസ്ഥാനത്തിൽ ഒരു സ്പെഷ്യൽ ഓഫീസറെ

നിയോഗിക്കുകയും ഡയറക്ടറേറ്റ് രൂപീകരണത്തിനാവശ്യമായ പ്രൊപ്പോസലിന്റെ കരട് ഉൾപ്പെടുത്തി കരട് ഓർഡിനൻസ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ മാറ്റങ്ങൾ ആവശ്യമാണെങ്കിൽ അത് പരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ടെന്നും അതുസംബന്ധിച്ച ചർച്ച വകുപ്പുതലത്തിൽ നടത്തിയശേഷം അന്തിമ പ്രൊപ്പോസൽ സമയബന്ധിതമായി സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും ഇക്കോടൂറിസം സ്പെഷ്യൽ ഓഫീസർ സമിതിയെ അറിയിച്ചു.

തുടർന്ന് ഇക്കോടൂറിസം സെന്ററുകളിലെ പ്രവർത്തനം സംബന്ധിച്ച് ഒരു പ്രസന്റേഷൻ നടത്തി.

ഇക്കോടൂറിസം വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വാഗതാർഹമാണെന്ന് സമിതി വിലയിരുത്തി. അടിസ്ഥാനസൗകര്യങ്ങളുള്ള ഇക്കോടൂറിസം കേന്ദ്രങ്ങൾ, അടിസ്ഥാന സൗകര്യം കുറവുള്ള കേന്ദ്രങ്ങൾ എന്നിങ്ങനെ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ തരംതിരിച്ചുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്നും അടിസ്ഥാന സൗകര്യം കുറവുള്ളവ മെച്ചപ്പെടുത്താൻ എന്തൊക്കെ ക്രമീകരണങ്ങളാണ് വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്നും സമിതി ആരാഞ്ഞു.

സംസ്ഥാനത്ത് നിലവിലുള്ള 69 ഇക്കോടൂറിസം കേന്ദ്രങ്ങൾക്കുപുറമെ നിരവധി ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അത്തരം കേന്ദ്രങ്ങളെ ഇക്കോടൂറിസം കേന്ദ്രങ്ങളായി ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും വനം വകുപ്പ് പുതിയ ടൂറിസം സ്പോട്ടുകൾ കണ്ടെത്തി പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

ടൂറിസം സർക്യൂട്ടുകളുമായി ബന്ധപ്പെട്ട പുതിയ പ്രൊപ്പോസലുകൾ പ്രായോഗികമാക്കാൻ നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും രണ്ടോ അതിൽ കൂടുതലോ ദിവസം യാത്ര ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള ടൂറിസം സർക്യൂട്ടുകൾ രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും കുളത്തുപ്പുഴ പോലെയുള്ള പല ടൂറിസ്റ്റ്/ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും താമസസൗകര്യത്തിന്റെ അഭാവമുണ്ടെന്നും ഇത്തരം അടിസ്ഥാന സൗകര്യത്തിന്റെ അഭാവം പരിഹരിക്കപ്പെടേണ്ടതാണെന്നും സമിതി നിരീക്ഷിച്ചു. ഈ ദിശയിൽ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്നിവിടങ്ങളുമായി ബന്ധപ്പെട്ട് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന രീതിയിൽ അവരുടെ ഉൽപ്പന്നങ്ങൾ സർക്കാർ നേരിട്ട് സംഭരിച്ച് വിപണനം നടത്താനുള്ള

ശൃംഖല ഇക്കോടൂറിസത്തിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്നും ഭാവിയിൽ വനാശ്രിത സമൂഹത്തെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

നിലവിൽ ഉദ്ഘാടനം കഴിഞ്ഞ കുളത്തൂപ്പുഴ മ്യൂസിയം പുതിയ മാതൃകയാണെന്നും ഇതുപോലുള്ള പുതിയ മാതൃകകൾ ഈ മേഖലയിൽ കൊണ്ടുവരാൻ കഴിയണമെന്നും ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് പ്രകൃതി പഠനം, ജൈവ വൈവിദ്ധ്യസംരക്ഷണം, വനാശ്രിതരുടെ ജീവനോപാധികൾ മെച്ചപ്പെടുത്തൽ തുടങ്ങിയവ പുതിയ മേഖലകൾ കണ്ടെത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇക്കോ ടൂറിസം മാസ്റ്റർ പ്ലാൻ പ്രകാരം സമഗ്രമായ 12 സെക്ടറുകൾ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.സി. ഹോട്ടലുകൾ എന്നിവയുടെ സഹകരണത്തോടെയും സി.എസ്.ആർ. ഫണ്ടുകൾ, എൻ.ജി.ഒ.-കളുടെ പാക്കേജുകൾ എന്നിവ ഉപയോഗപ്പെടുത്തിയും ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വിപുലീകരിക്കാനും സാധാരണ ജനങ്ങൾക്ക് ഉപകാരപ്രദമാക്കാനും നടപടികൾ ആവശ്യമാണെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അഭിപ്രായപ്പെട്ടു. ഇക്കോ ടൂറിസം പ്ലാനിനു വേണ്ടിയുള്ള പ്രതിവർഷ ബജറ്റ് വിഹിതമായ 7 കോടി രൂപ അപര്യാപ്തമാണെന്നും വനം വകുപ്പിന് പര്യാപ്തമായ തുക ലഭ്യമാക്കുകയാണെങ്കിൽ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിക്കുമെന്നും ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമിതിയോഗത്തിൽ വിശദീകരിച്ചു.

വനം-വന്യജീവി (ഇ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

II. <u>കേരള ഫോറസ്റ്റ് (റഗുലേഷൻ ഓഫ് സോമിൽസ് ആൻഡ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) ഭേദഗതി റൂൾസ് 2023-ന്റെ കരട് പരിഗണന</u>

വിശദമായ ചർച്ചകൾക്ക് ശേഷം പ്രസ്തുത ഭേദഗതി ചട്ടത്തിന്റെ കരട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

യോഗത്തിന് ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിയ എല്ലാ ഉദ്യോഗസ്ഥരേയും ബഹു. സമിതി ചെയർമാൻ അഭിനന്ദിക്കുകയും അതോടൊപ്പം യോഗത്തിൽ പങ്കെടുത്ത എല്ലാ ഉദ്യോഗസ്ഥർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.15 -ന് പിരിഞ്ഞു.

## സമിതിയുടെ 28-2-2024-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-X 2024 ഫെബ്രുവരി 28-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.30-ന് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. സി. കെ. ഹരീന്ദ്രൻ
2. ശ്രീ. നജീബ് കാന്തപുരം.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം:</u>

ശ്രീ. സണ്ണി ജോസഫ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി സംരക്ഷണ വകുപ്പ്
2. ഡോ. രത്തൻ യു. ഖേൽക്കർ, സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
3. ശ്രീ. ഗംഗ സിംഗ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
4. ശ്രീ. ഡി. ജയപ്രസാദ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ
5. ഡോ. പി. പുകഴേന്തി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫിനാൻസ്, ബജറ്റ് ആൻഡ് ഓഡിറ്റ്)
6. ശ്രീ. ജെ. ജസ്റ്റിൻ മോഹൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഇക്കോഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ)

7. ഡോ. സഞ്ജയൻ കുമാർ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഇൻഫർമേഷൻ ടെക്നോളജി)

8. ഡോ. ശേഖർ എൽ. കുര്യാക്കോസ്, ചീഫ് റെസിലിയൻസ് ഓഫീസർ, കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ മിഷൻ

9. ശ്രീമതി ശ്രീകല എസ്., ചെയർപേഴ്സൺ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

10. ഡോ. ഷീല എ. എം., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

11. ഡോ. വി. ബാലകൃഷ്ണൻ, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

12. ശ്രീ. സന്തോഷ്കുമാർ എൽ. ടി., അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

13. ശ്രീ. പ്രമോദ് വി. ആർ., ജോയിന്റ് സെക്രട്ടറി, വനം വന്യജീവി സംരക്ഷണ വകുപ്പ്

14. ശ്രീമതി രജനി എം., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ്

15. ശ്രീമതി ബിന്ദു രാധാകൃഷ്ണൻ, ചീഫ് എൻവിയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

16. ശ്രീ. ബിമൽ ലാൽ റ്റി. എസ്., സീനിയർ ഫിനാൻസ് ഓഫീസർ, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

17. ശ്രീമതി ജ്യോതിലക്ഷ്മി കെ., ഫിനാൻസ് ഓഫീസർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ്

18. ശ്രീമതി തുഷാര ജോർജ്ജ്, ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് .

യോഗത്തിന് സന്നിഹിതരായ എല്ലാ ഉദ്യോഗസ്ഥരെയും സ്വാഗതം ചെയ്തുകൊണ്ട് ചെയർമാൻ യോഗനടപടികൾ ആരംഭിച്ചു.

2024-25 സാമ്പത്തികവർഷം വനം-വന്യജീവി വകുപ്പിലെ ചെലവുകൾക്കായി പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള 278.06 കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ പദ്ധതിവിഹിതത്തിൽ 23 കോടി രൂപയുടെ

കുറവുണ്ടായിട്ടുണ്ടെന്നും മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനുള്ള പ്രായോഗിക പദ്ധതികൾക്കും വന്യജീവി ആക്രമണംമൂലമുള്ള നഷ്ടപരിഹാരം നൽകുന്നതിനും ബജറ്റ് വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടെന്നത് ആശ്വാസകരമായ കാര്യമാണെന്നും ചെയർമാൻ ആമുഖമായി പറഞ്ഞു. തുടർന്ന് 2024-25-ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥനകളായ XXXIV, XVII, XX എന്നിവ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXXIV
## വനം-വന്യജീവി സംരക്ഷണ വകുപ്പ്

1. 2406-01-003-97—<u>മാനവശേഷി വികസനം (പ്ലാൻ)</u>

ഫോറസ്റ്റ് ഓഫീസർമാർക്കുള്ള ട്രെനിംഗ് പ്രോഗ്രാമുകൾ, ദേശീയ-സംസ്ഥാനതല സ്പോർട്സ് മീറ്റുകൾ എന്നിവയ്ക്കായും മനുഷ്യവിഭവശേഷി വർദ്ധനവിലൂടെയും മതിയായ പരിശീലനത്തിലൂടെയും വനം വകുപ്പിന്റെ ശാക്തീകരണത്തിനായും ഈ ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 3.5 കോടി രൂപ അപര്യാപ്തമായ തിനാൽ 3.46 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2. 2406-01-004-92—<u>വിഭവ ആസൂത്രണവും ഗവേഷണവും (പ്ലാൻ)</u>

വിവിധ ഫോറസ്റ്റ് ഡിവിഷനുകളുടെ പ്രവർത്തന പദ്ധതികളും മാനേജ്മെന്റ് പ്ലാനുകളും തയ്യാറാക്കുന്നതിനും നിലവിലുള്ള ഗവേഷണങ്ങൾ തുടരുന്നതിനും പുതിയ ഗവേഷണ പരീക്ഷണങ്ങൾ നടത്തുന്നതിനും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 1 കോടി രൂപ അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

3. 2406-01-101-81—<u>വനസംരക്ഷണം (റവന്യൂ) (പ്ലാൻ) 34 (3) മറ്റ് ചെലവുകൾ - മറ്റിനം</u>

വനസംരക്ഷണത്തിന് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, നിലവിലുള്ള വനവിഭവങ്ങളുടെ സംരക്ഷണം, ഇന്റീരിയർ ക്യാമ്പ് ഷെഡ്ഡ്, വാഹനങ്ങൾ, ചെക്ക് പോസ്റ്റ് എന്നിവയുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട സുപ്രധാന ചെലവുകൾക്ക് 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 25 കോടി രൂപ അപര്യാപ്തമായതിനാൽ 7 കോടി രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തു.

4. 2406-01-101-78(01)—<u>സാമൂഹിക വന വിപുലീകരണവും കാർഷിക വനവൽക്കരണവും വന വിപുലീകരണം</u>

വനങ്ങൾക്കും വന്യജീവികൾക്കും സപ്പോർട്ട് കൊടുക്കാനുള്ള സ്ട്രക്ച്ചർ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കാൻ 'വൺ പഞ്ചായത്ത് വൺ ഫോറസ്ട്രി ക്ലബ് ' എന്ന പുതിയ ആശയം നടപ്പാക്കാനും ബയോഡൈവേഴ്സിറ്റി കൺസർവേഷൻ പ്രവർത്തനങ്ങൾ, സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ, വിദ്യാവനം, നഗര വനം, ഫോറസ്ട്രി ക്ലബ്,

ബട്ടർഫ്ലൈഗാർഡൻ തുടങ്ങിയവയ്ക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള 6 കോടി രൂപ അപര്യാപ്തമായതിനാൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

5. 2406-01-800-57—<u>ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രഫിക്കൽ വിവര സമ്പ്രദായവും (പ്ലാൻ)</u>

വനം വകുപ്പിന്റെ സേവനങ്ങളിലും കണക്കുവിറ്റിയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഐ.ടി.വൽക്കരണം നടപ്പാക്കുന്നതിനും നിലവിലുള്ള ഡാറ്റ ശേഖരണം സംബന്ധിച്ച പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിനും നിലവിൽ വകയിരുത്തിയിരിക്കുന്ന 1.5 കോടി രൂപ അപര്യാപ്തമായതിനാൽ 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

6. 2406-02-110-68—<u>ജൈവവൈവിധ്യ സംരക്ഷണം (പ്ലാൻ)</u>

34-മറ്റ് ചെലവുകൾ-ജൈവവൈവിധ്യ സമ്പത്തിന്റെ സംരക്ഷണം, കാട്ടുതീ സംരക്ഷണ പ്രദ്ധതികൾ, നേച്ചർ അവെയർനെസ് ക്യാമ്പ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള 5.97 കോടി രൂപ അപര്യാപ്തമായതിനാൽ 4.03 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

7. 2406-02-110-56—<u>പരിസ്ഥിതി വികസന പരിപാടി (പ്ലാൻ)</u>

ആദിവാസി സെറ്റിൽമെന്റുകളിൽ മെഡിക്കൽ ക്യാമ്പ്, നേച്ചർ അവെയർനെസ് ക്യാമ്പ് മുതലായവ നടത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതമായ 3.5 കോടി രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

8. 2406-02-110-48—<u>പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ കേന്ദ്രം (പ്ലാൻ)</u>

മൃഗങ്ങളുടെ പരിപാലനത്തിനും ഉദ്യോഗസ്ഥന്മാരുടെ ചെലവിനും ഹെർബീവോർ സഫാരിക്കായും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ 9.674 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

9. 2406-02-110-29—<u>കോട്ടൂരിലെ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം (പ്ലാൻ)</u>

ആന പരിപാലനത്തിനും പാപ്പാന്മാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും ആന പുനരധിവാസ കേന്ദ്രത്തിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും മറ്റുമായി നിലവിലുള്ള ബജറ്റ് വിഹിതമായ 2 കോടി രൂപ അപര്യാപ്തമായതിനാൽ 11.4442 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

10. 4406-01-070-99—റോഡുകൾ (പ്ലാൻ)

തകർന്ന ഫോറസ്റ്റ് റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 4 കോടി രൂപ അപര്യാപ്തമായതിനാൽ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. 4406-01-070-97—കെട്ടിടങ്ങൾ (പ്ലാൻ)

ക്വാർട്ടേഴ്സുകൾ, ഇന്റീരിയർ ക്യാമ്പ് ഷെഡ്, ഓഫീസ് കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും ശോചനീയാവസ്ഥയിലായ പഴയ കെട്ടിടങ്ങളുടെ നവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 4 കോടി രൂപ അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. 4406-01-101-99—വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും) മൂലധനം

(01) വനസംരക്ഷണം (പ്ലാൻ)

ആധുനിക സാങ്കേതിക വിദ്യയും അത്യാധുനിക ഉപകരണങ്ങളും ഉപയോഗിച്ച് വനാതിർത്തികളുടെ സർവ്വേയും കരിങ്കൽ ഭിത്തികൾ, സംരക്ഷണ ഭിത്തികൾ, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമായി വകയിരുത്തിയിരിക്കുന്ന 25 കോടി രൂപ അപര്യാപ്തമായതിനാൽ 7.50 കോടി രൂപ അധികമായി അനുവദിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

13. 4406-01-105-87(01)—തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ (01) വൻമര ത്തോട്ടങ്ങൾ (പ്ലാൻ)

വൻമരതോട്ടങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കൽ, പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണവും പരിപാലനവും, തൈകൾ നട്ടുവളർത്തുക തുടങ്ങിയ കാര്യങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. 4406-01-800-91—പരിസ്ഥിതി വിനോദസഞ്ചാരം (പ്ലാൻ)

ഇക്കോടൂറിസം മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. 2406-01-105-99—സർക്കാർ ഏജൻസി വഴി വനങ്ങളിൽനിന്നും തടിയും മറ്റുല്പന്നങ്ങളും സംഭരിക്കുന്നതിന് (നോൺ പ്ലാൻ)

പ്രായമെത്തിയ തേക്ക്, വെള്ളമരം എന്നിവ തോട്ടങ്ങളിൽ നിന്ന് മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിനുള്ളിലെ, കാറ്റത്ത് പിഴുത് വീഴുന്നതും ഉണങ്ങി നിൽക്കുന്നതുമായ

മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക തുടങ്ങിയ പ്രവൃത്തികൾക്കായാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. സർക്കാരിലേയ്ക്കുള്ള മുഖ്യവരുമാന സ്രോതസ്സായ ഈ പദ്ധതിയിലൂടെ നടപ്പുവർഷം സർക്കാർ 500 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു. വിഹിതം കൂടുതൽ അനുവദിക്കുന്നപക്ഷം കൂടുതൽ വരുമാനം ലഭിക്കുമെന്ന് അനുമാനിക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തി യിട്ടുള്ള 32 കോടി രൂപ അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

16. 2406-01-800-92—<u>വനമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം (നോൺ പ്ലാൻ)</u>

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും, കൃഷി, വാസസ്ഥലം മുതലായവ നഷ്ടപ്പെട്ടവർക്കും ആശ്വാസ ധനസഹായം നൽകുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.2615 കോടി രൂപ അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അനുവദിക്കണമെന്ന് അധികമായി വകുപ്പ് ആവശ്യപ്പെട്ട 20 കോടി രൂപയ്ക്ക് പുറമേ 3 കോടി രൂപ കൂടി ചേർത്ത് ആകെ 23 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVII

## പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്

17. 3435-03-102-87—<u>കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (പ്ലാൻ)</u>

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയ്ക്ക് പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.20 കോടി രൂപ അപര്യാപ്തമായതിനാൽ 48 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

18. 3435-03-103-97—<u>കാലാവസ്ഥയ്ക്ക് അനുയോജ്യമായ കൃഷിരീതി (പ്ലാൻ)</u>

കാലാവസ്ഥ അനുരൂപ കൃഷിരീതികൾ' എന്നതിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള 30 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

19. 3435-04-104-99—<u>പാരിസ്ഥിതിക ആഘാതം വിലയിരുത്തൽ (പ്ലാൻ)</u>

പുതിയ നിയമനങ്ങളുടെ വേതനം, SEIAA/SEAC ചെയർമാന്മാരുടെ ഓണറേറിയം, സിറ്റിംഗ് ഫീസ്, Standing Counsel മാർക്ക് നൽകേണ്ട പ്രതിഫലം തുടങ്ങിയവയ്ക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.6 കോടി രൂപ അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

20. 3435-03-102-89-97—പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് വാഹന വാടക (നോൺ പ്ലാൻ)

വാഹന വാടക ഇനത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

## ധനാഭ്യർത്ഥന നമ്പർ XXXIV

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (നോൺ പ്ലാൻ)

21. 2406-02-188-99-31—കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സഹായധനം - ശമ്പളം

2406-02-188-99-36—കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സഹായധനം- ശമ്പളേതരം

ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ വേതനം, സെക്യൂരിറ്റി ജീവനക്കാരുടെ വേതനം, കെട്ടിട വാടക, വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ്, സ്റ്റേഷനറി, തുടങ്ങിയവയ്ക്ക് പ്രസ്തുത ശീർഷകങ്ങളിൽ യഥാക്രമം വകയിരുത്തിയിട്ടുള്ള 1.3872 കോടി രൂപ, 17.82 ലക്ഷം രൂപ എന്നിവ അപര്യാപ്തമായതിനാൽ ടി ശീർഷകങ്ങളിൽ യഥാക്രമം 50 ലക്ഷം രൂപയും 26.35 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

## ധനാഭ്യർത്ഥന നമ്പർ XVII

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

22. 3435-04-188-99—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (പ്ലാൻ)

കേരളത്തിലെ തീരപ്രദേശ ശുചീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഓയിൽ സ്പിൽ കണ്ടിജൻസി പ്ലാൻ വികസിപ്പിക്കുന്നതിനായും ജല-വായു ശബ്ദ മലിനീകരണം കുറയ്ക്കുക, ജലത്തിന്റെ ശരിയായ ഉപയോഗവും സംരക്ഷണവും, ഖരമാലിന്യം കൈകാര്യം ചെയ്യുന്ന രീതികൾ, പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ പുനരുപയോഗവും, സംസ്കരണവും എന്നിവയെക്കുറിച്ചുള്ള അറിവ് പൊതുജനങ്ങളിലേയ്ക്കെത്തിക്കുന്നതിനായും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3 കോടി രൂപ അപര്യാപ്തമായതിനാൽ 6.243048 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

23. 3435-03-103-94—കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ അതോറിറ്റി (കെ.എസ്.സി.സി.എ.എ.) - പ്ലാൻ

പുതുതായി ആരംഭിച്ച കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഉദ്യോഗസ്ഥരെ നിയോഗിക്കുകയും, മിഷൻ ചുമതലകൾ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിനായി ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ അപര്യാപ്തമായതിനാൽ 2.1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യക്ഷ സൂചനകൾ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക, വന മേഖലകളിൽ അനുഭവപ്പെടുന്നതിന്റെയും തൽഫലമായി മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നതിന്റെയും പശ്ചാത്തലത്തിൽ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾക്ക് കൂടുതൽ പ്രാധാന്യം നൽകി അധിക തുക വകയിരുത്തണമെന്ന പൊതു ശിപാർശ ഉൾപ്പെടുത്താൻ സമിതി നിർദ്ദേശിച്ചു.

(യോഗം വൈകുന്നേരം 4.30-ന് പിരിഞ്ഞു)

## സമിതിയുടെ 4-3-2024-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-X 2024 മാർച്ച് 4-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ബഹു. പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രിയുമായ ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>:

1. ശ്രീ. സി. കെ. ഹരീന്ദ്രൻ
2. ശ്രീ. പി. എസ്. സുപാൽ

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. നജീബ് കാന്തപുരം
2. ശ്രീ. സണ്ണി ജോസഫ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. പി. ബി. നൂഹ്, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
2. ശ്രീ. രാജു കെ. ഫ്രാൻസിസ്, ഡയറക്ടർ, ഇക്കോ ടൂറിസം
3. ഡോ. ദിലീപ് എം. ആർ., ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്
4. ശ്രീ. ഡി. ജയദീഷ്, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്

5. ശ്രീ. അശ്വിൻ പി. കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്
6. ശ്രീമതി അനിത കുമാരി സി. എൻ., അഡീഷണൽ ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
7. ശ്രീമതി ശിഖ സുരേന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ
8. ഡോ. മനോജ് കുമാർ കെ., മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
9. ശ്രീ. അഭിലാഷ് ടി. ജി., ജോയിന്റ് ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
10. ശ്രീമതി ശ്രീകല എസ്. പണിക്കർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീമതി സജീല എ., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീ. ബിനു കുര്യാക്കോസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി.
13. ശ്രീ. രൂപേഷ് കുമാർ കെ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി.

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2024-25 സാമ്പത്തിക വർഷം വിനോദസഞ്ചാര വകുപ്പിലെ ചെലവുകൾക്കായി 351 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും 2023-24 സാമ്പത്തിക വർഷം അത് 362 കോടി രൂപയായിരുന്നുവെന്നും 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾക്കായി 105 കോടി രൂപ കൂടി അനുവദിക്കണമെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമിതിയോട് അഭ്യർത്ഥിച്ചു.

## ധനാഭ്യർത്ഥന നമ്പർ XLII

## വിനോദസഞ്ചാര വകുപ്പ്
## (പദ്ധതി വിഹിതം)

1. 3452-01-102-95—പരിസ്ഥിതി ടൂറിസം ഉല്പന്നങ്ങളുടെ വികസനം

ഇക്കോടൂറിസം വകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതികളും തെന്മല ഇക്കോടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ പദ്ധതികളും നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള 1.9 കോടി രൂപ അപര്യാപ്തമായതിനാൽ 2.6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2. 3452-80-003-97—മാനവവിഭവശേഷി വികസനവും പരിശീലനവും (01) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം അൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)

കിറ്റ്സ് കോഴ്സിന് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾക്കും ഗേൾസ് ഹോസ്റ്റൽ നിർമ്മാണ പ്രവർത്തികൾക്കുമായി വകയിരുത്തിയിട്ടുള്ള 3.15 കോടി രൂപ അപര്യാപ്ത മായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

3. 3452-80-104-99—പരിസ്ഥിതി സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവും

വിദേശ-തദ്ദേശീയ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിവിധ സാംസ്കാരികോത്സവങ്ങളും വിവിധങ്ങളായ അഡ്വഞ്ചർ ആക്റ്റിവിറ്റീസുകളും നടത്തുന്നതി ലേക്കായുള്ള ധനസഹായം വിതരണം ചെയ്യുന്നതിലേക്കായി വകയിരുത്തിയിട്ടുള്ള 24 കോടി രൂപ അപര്യാപ്തമായതിനാൽ 26 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

4. 3452-80-104-98—വിപണനം 34 (03) മറ്റ് ചെലവുകൾ (മറ്റിനം)

തദ്ദേശ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ രാഷ്ട്ര-അന്താരാഷ്ട്ര തലത്തിലുള്ള വിപണന ക്യാമ്പയിൻ നടത്തുന്നതിനും പുതിയ മാർക്കറ്റുകൾ കണ്ടെത്തി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമുള്ള ക്യാമ്പയിൻ നടത്തുന്നതിനുമായി വകയിരുത്തിയിട്ടുള്ള 78.17 കോടി രൂപ അപര്യാപ്തമായതിനാൽ 40.83 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

5. 3452-80-104-91—ജില്ലാ വിനോദസഞ്ചാര പ്രോത്സാഹന കൗൺസിലുകളും സന്ദർശക പ്രോത്സാഹന ബ്യൂറോകളും (ഡി.റ്റി.പി.സി.)

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 2.5 കോടി രൂപ മുൻവർഷത്തേക്കാൾ പരിമിതമായതിനാൽ 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

6. 3452-80-800-20—ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരം

മുൻ വർഷങ്ങളിലെ സ്പിൽ ഓവർ ബില്ലുകൾ കൂടി അനുവദിക്കുന്നതിന് വകയിരുത്തിയിട്ടുള്ള 9.96 കോടി രൂപ അപര്യാപ്തമായതിനാൽ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

7. 5452-01-101-99—അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും 34 (3) മറ്റ് ചെലവുകൾ (മറ്റിനം)

സംസ്ഥാനത്തുടനീളമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും, നിലവാരം മെച്ചപ്പെടുത്തുന്നതിനും വകയിരുത്തിയിട്ടുള്ള

136 കോടി രൂപ അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

8. 5452-01-101-86—അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

ടൂറിസം വകുപ്പിന് കീഴിലുള്ള വിവിധ ഗസ്റ്റ് ഹൗസിലെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും വിവിധ യാത്രിനിവാസിലെ അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിനുമായി വകയിരുത്തിയിട്ടുള്ള 20 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

9. 5452-01-190-99—കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ

നിലവിലെ പദ്ധതികൾ പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ള 12 കോടി രൂപ അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

10. 5452-01-190-98—ടൂറിസം ഇൻഫ്രാസ്ട്രക്ചർ ക്ലിപ്തം (കേരള)

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 1.4 കോടി രൂപ നിലവിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പൂർണ്ണതയിൽ എത്തിക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ 33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

11. 5452-01-190-96—ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

ഇവന്റുകൾ, ബോധവൽക്കരണം, മാർക്കറ്റിംഗിന്റെ ഭാഗമായുള്ള സെമിനാറുകൾ, ബേക്കൽ ബീച്ച് ഫെസ്റ്റ്, ബി.ആർ.ഡി.സി. ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം, ഗ്രീൻ എനർജി ഇനിഷ്യേറ്റീവ്സ് എന്നീ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകയിരുത്തിയിട്ടുള്ള 95 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2.8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

12. 5452-01-800-84—മുസരിസ്-സ്പൈസ് റൂട്ട് പൈതൃക പദ്ധതി

തലശ്ശേരി പൈതൃക പദ്ധതി, മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തിരുവിതാംകൂർ പൈതൃക പദ്ധതി എന്നീ പ്രവർത്തികൾക്ക് വകയിരുത്തിയിരിക്കുന്ന 14 കോടി രൂപ അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

**നോൺ പ്ലാൻ**

13. 3452-01-103-99—ഗതാഗതം 21 (2)-മോട്ടോർ വാഹനങ്ങൾ (സംരക്ഷണവും അറ്റകുറ്റപണികളും)

ബഹുമാനപ്പെട്ട മന്ത്രിമാർക്കും, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് മറ്റ് വി.ഐ.പി.-കൾ, വി.വി.ഐ.പി.-കൾ, എന്നിവർ ഉപയോഗിക്കുന്നത് ടൂറിസം വകുപ്പിന് കീഴിലുള്ള വാഹനങ്ങളാണ്. ഇവയുടെ അറ്റകുറ്റപണികൾക്കും, വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക പുതുക്കുന്നതിനും വകയിരുത്തിയിരിക്കുന്ന 1.301 കോടി രൂപ അപര്യാപ്തമായതിനാൽ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

14. 3452-01-103-99—ഗതാഗതം 45-പി.ഒ.എൽ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികധനവിനിയോഗാനുമതി വഴി ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ വർഷം അനുവദിച്ചിരിക്കുന്ന 2.09 കോടി രൂപ അപര്യാപ്തമായതിനാൽ 85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

15. 3452-80-001-96—ജില്ലാ ഓഫീസുകൾ 06-വാടക, കരം, നികുതി

ജില്ലാ ഓഫീസുകളുടെ കരം ഒടുക്കാനുള്ള കെട്ടിട നികുതിയിനത്തിലെ ചെലവുകൾക്കായി ഈ വർഷം അനുവദിച്ചിരിക്കുന്ന 1 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

16. 3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും 05(4)-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

സർക്കാർ ഗസ്റ്റ് ഹൗസുകളുടെയും യാത്രീനിവാസി കളുടെയും പെറ്റി ചെലവുകളും, ലോൺട്രി ചെലവുകൾക്കുമായി ഈ വർഷം അനുവദിച്ചിരിക്കുന്ന 57.29 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

17. 3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും 06 - വാടക, കരം, നികുതി

ഒരു വർഷത്തേക്ക് വിവിധ അതിഥി മന്ദിരങ്ങളിലേയ്ക്കും യാത്രീനിവാസികളിലേയ്ക്കും കെട്ടിട നികുതി ഇനത്തിൽ ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 12 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

18. 3452-80-800-22—<u>വി.വി.ഐ.പി. സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ</u>

ബഹുമാനപ്പെട്ട രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി മറ്റ് വി.വി.ഐ.പി.-കൾ തുടങ്ങിയവരുടെ സംസ്ഥാന സന്ദർശനത്തോടനുബന്ധിച്ച ചെലവുകൾ സംബന്ധിച്ച ബില്ലുകൾ കൊടുത്തു തീർക്കാനായി നിലവിൽ വകയിരിത്തിയിരിക്കുന്ന 82.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഇക്കോടൂറിസം കേന്ദ്രമാണ് തെന്മലയെന്നും അവിടെ ജൈവവൈവിധ്യ സർക്യൂട്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നുവെന്നും കൊട്ടാരക്കര, കൊല്ലം, തെന്മല, അച്ചൻകോവിൽ എന്നീ നാല് ക്ലസ്റ്ററുകളിലായി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ഏറ്റവും കൂടുതൽ ജൈവവൈവിധ്യമുള്ളത് തെന്മല-അച്ചൻകോവിൽ മേഖലയിലാണെന്നും അതിനാൽ തെന്മല അച്ചൻകോവിലുമായി ബന്ധപ്പെട്ട് അടിയന്തരമായി ഒരു പദ്ധതി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും തെന്മല കേന്ദ്രീകരിച്ച് എല്ലാ വർഷവും ഇക്കോടൂറിസം ഫെസ്റ്റ് നടത്തണമെന്ന് സമിതി അംഗം ആവശ്യപ്പെട്ടതിന് നടപടി സ്വീകരിക്കാമെന്ന് സമിതി അദ്ധ്യക്ഷൻ യോഗത്തെ അറിയിച്ചു.

തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർ ഡാം ഇറിഗേഷൻ വകുപ്പിനു കീഴിൽ വരുന്നതാണെന്നും അതിന്റെ പ്രവർത്തനങ്ങൾ വിനോദ സഞ്ചാര വകുപ്പ് ഏറ്റെടുത്താൽ മാത്രമേ അവിടെ വേണ്ടത്ര മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ എന്ന് നിലവിൽ അവിടെ 14 ക്വാർട്ടേഴ്സുകൾ പുനരുദ്ധാരണം നടത്താതെ കിടക്കുകയാണെന്നും സമിതി അംഗം അറിയിച്ചതിന് ഇത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി ഒരു യോഗം ചേരാമെന്ന് സമിതി അദ്ധ്യക്ഷൻ യോഗത്തെ അറിയിച്ചു.

ഫെസിലിറ്റീസ് അപ്ഗ്രഡേഷൻ, ഇക്കോടൂറിസം, ഗസ്റ്റ്ഹൗസുകളുടെ നവീകരണം എന്നിവയെല്ലാം വളരെ പ്രധാനപ്പെട്ടതായതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഇടപെടൽ ഉണ്ടാകണമെന്നും കണ്ണൂർ വിമാനത്താവളത്തിന്റെ സാധ്യതകളും കൂർഗിന് വയനാടുമായുള്ള സാമീപ്യവും വച്ചുകൊണ്ട് ഇക്കോടൂറിസത്തിനും പഴശ്ശി പ്രോജക്ടിനും ഒരു പദ്ധതി ആവിഷ്കരിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു.

(യോഗം ഉച്ചയ്ക്കുശേഷം 12.45-ന് പിരിഞ്ഞു)

## സമിതിയുടെ 5-3-2024-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ക്ക് കമ്മിറ്റി-X 2024 മാർച്ച് മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാനും ബഹു. വനം-വന്യജീവി വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ശശീന്ദ്രൻ വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ചു.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ</u>:

1. ശ്രീ. സി. കെ. ഹരീന്ദ്രൻ
2. ശ്രീ. നജീബ് കാന്തപുരം
3. ശ്രീ. സണ്ണി ജോസഫ്
4. ശ്രീ. പി. എസ്. സുപാൽ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

സമിതി, 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരടിൽ മൂന്ന് വകുപ്പുകളിലായി 41 ശിപാർശകളും ഒരു പൊതുശിപാർശയുമാണുള്ളതെന്നും കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യക്ഷ സൂചനകൾ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക, വനമേഖലകളിൽ അനുഭവപ്പെടുന്നതിന്റെയും തൽഫലമായി മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നതിന്റെയും പശ്ചാത്തലത്തിൽ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾക്ക് കൂടുതൽ പ്രാധാന്യം നൽകി അധിക തുക വകയിരുത്തണം എന്ന പൊതുശിപാർശയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഡെപ്യൂട്ടി സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു.

വന്യമൃഗങ്ങളുടെ ആക്രമണം നേരിടുന്ന ഉണ്ടുവനഭൂമികളിലും ഉണ്ടുവനപ്രദേശങ്ങളിലും ബയോ ഫെൻസിംഗിനുള്ള സാധ്യത കാണുന്നുണ്ടെന്നും തമിഴ്നാട് തിരുനെൽവേലിയിൽ

പനമരം ഉൽപ്പാദിപ്പിച്ച് ഇടതൂർന്ന് നട്ടുവളർത്തി ബയോ ഫെൻസിംഗ് നടത്തുന്നുണ്ടെന്നും സാധാരണ ഒരു പനയിൽനിന്നും ആദായം ലഭിക്കാൻ 17, 18 വർഷമെടുക്കുന്ന സ്ഥിതിയിൽ ഹ്രസ്വകാലംകൊണ്ട് വളർന്ന് വലുതാകുന്ന തരത്തിലുള്ള പന മരങ്ങളാണ് റിസർച്ച് ചെയ്ത് കണ്ടുപിടിച്ചിട്ടുള്ളതെന്നും തിരുനെൽവേലി ആസ്ഥാനമായുള്ള ഒരു റിസർച്ച് സെന്ററാണ് ഇത് ഉൽപ്പാദിപ്പിക്കുന്നതെന്ന വിവരമാണ് ലഭ്യമായിട്ടുള്ളതെന്നും ബയോ ഫെൻസിംഗ് നടപ്പാക്കുന്നതിലൂടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ അക്കാനി, നൊങ്ക് മുതലായവയും ലഭ്യമാകുമെന്നും കേരളത്തിലും തുണ്ടുവനഭൂമിയുമായി ബന്ധപ്പെട്ട് മനുഷ്യവാസമുള്ള സ്ഥലങ്ങളിൽ ബയോ ഫെൻസിംഗ് നടപ്പാക്കുന്നതിനുള്ള പ്രോജക്ട് നിർദ്ദേശിക്കാൻ സാധിക്കുമോ എന്ന് ആലോചിക്കണമെന്നും ബയോ ഫെൻസിംഗ് സംബന്ധിച്ച വിഷയം പഠിക്കുന്നതിനായി തിരുനെൽവേലിയിലെ റിസർച്ച് സെന്റർ സന്ദർശിക്കേണ്ടതാണെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു.

പ്രസ്തുത വിഷയം റൂൾ 235 (എ) അനുസരിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പ്രത്യേക വിഷയമായി പരിഗണിച്ച് വിശദമായ പഠനം നടത്താമെന്നും അതിന്റെ ഭാഗമായി തിരുനെൽവേലിയിലെ റിസർച്ച് സെന്റർ സന്ദർശിക്കാമെന്നും സമിതി തീരുമാനിച്ചു.

കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലായ കുളത്തുപുഴയിൽ കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ ആറേഴ് വന്യമൃഗ ആക്രമണങ്ങളിൽ നിരവധിപേർക്ക് പരിക്കേറ്റുവെന്നും കേരളത്തിലെ വളരെ ഗൗരവമേറിയ വിഷയമാണിതെന്നും വനാവരണം പദ്ധതി ലക്ഷ്യം കാണില്ലെന്നും പരിപാലനത്തിന്റെ തകരാർമൂലം വൈദ്യുത വേലികളെല്ലാം കാട്ടാനകൾ തകർത്തുവെന്നും ആനയിറങ്ങാതിരിക്കാനുള്ള ഫലപ്രദമായ മാർഗ്ഗങ്ങളിലൊന്നായ കിടങ്ങ് നിർമ്മാണം നിലവിൽ നടത്തുന്നില്ലെന്നും വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി തന്നെ മുൻകയ്യെടുത്ത് യോഗം വിളിച്ചുചേർക്കണമെന്നും സമിതി അംഗം യോഗത്തെ അറിയിച്ചു. കൂടാതെ വന്യമൃഗ ശല്യം ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ വന്നപ്പോൾ തെന്മല കേന്ദ്രീകരിച്ച് ഒരു Rapid Response Team തുടങ്ങുന്ന കാര്യം തീരുമാനിച്ചിരുന്നുവെന്നും വാഹനം വാങ്ങുന്നതിനായി എം.എൽ.എ. ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാൻ തയ്യാറാണെന്ന് ബഹു. അംഗം അറിയിച്ചിരുന്നുവെന്നും ആർ.ആർ.ടീം അറിയിക്കുന്നതിനാവശ്യമായ കാര്യങ്ങൾ വേഗത്തിലാക്കാൻ വനംവകുപ്പിന്റെ ഉയർന്ന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കണമെന്നും ബഹു.സമിതി അംഗം ആവശ്യപ്പെട്ടു.

വന്യമൃഗ ശല്യം വലിയൊരു പ്രശ്നമായി സംസ്ഥാനത്ത് വളർന്നുവരികയാണെന്നും അതിന്റെയടിസ്ഥാനത്തിൽ പലയിടത്തും പ്രതിഷേധങ്ങളും സമരങ്ങളും നടക്കുകയാണന്നും മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിലേയ്ക്കായി പ്രത്യേക ഫണ്ട് അനുവദിക്കണമെന്ന ശിപാർശകൂടി ഉൾപ്പെടുത്താൻ ബഹു. ചെയർമാൻ നിർദ്ദേശം നൽകി.

പൊൻമുടി, തെന്മല, കുളത്തുപ്പുഴ, ചടയമംഗലം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഒരു ടൂറിസം സർക്യൂട്ട് നടപ്പാക്കാൻ വനംവകുപ്പ് നടപടിയെടുക്കണമെന്നും ഇതിനായി ഡയറക്ടറേറ്റ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും പാലരുവി അടക്കമുള്ള ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ഫണ്ട് ലഭ്യമാക്കി വികസനം സാധ്യമാക്കണമെന്നും കുളത്തുപ്പുഴ വനംമ്യൂസിയത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് എടുക്കാൻ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ ചുമതലപ്പെടുത്തിയെങ്കിലും നടപടികളൊന്നും ആയിട്ടില്ലെന്നും സമിതി അംഗം യോഗത്തെ അറിയിച്ചു.

ടൂറിസം വികസനവുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടിയാണ് ഒരു ഇക്കോടൂറിസം അതോറിറ്റി രൂപീകരിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതെന്നും അതിനുള്ള നടപടികൾ ഉടനെ ആരംഭിക്കുമെന്നും ഇതിനുള്ള പരിപാടികളൊക്കെ ടൂറിസം വകുപ്പുമായി ആലോചിക്കാൻ സാധിക്കുന്നതാണെന്നും ഇക്കാര്യത്തിൽ ധനകാര്യവകുപ്പ് താൽപ്പര്യം പ്രകടിപ്പിച്ചുവെന്നും ടൂറിസം ശക്തിപ്പെടുത്തു ന്നതിനായി 91 പോയിന്റുകൾ കണ്ടെത്തിയിട്ടുണ്ടെന്ന ബഹു. അംഗം പറഞ്ഞകാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കുന്നതാണെന്നും ബഹു. സമിതി ചെയർപേഴ്സൺ യോഗത്തെ അറിയിച്ചു.

ധനാഭ്യർത്ഥന നമ്പർ—XXXIV (വനം), XLII (വിനോദസഞ്ചാരം), XVII (വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം) എന്നിവയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടിലെ 1 മുതൽ 42 വരെയുള്ള ശിപാർശകൾ ഭേദഗതി കൂടാതെ അംഗീകരിച്ചു.

യോഗം രാവിലെ 11.50-ന് പിരിഞ്ഞു.